# ഒരു ജനകീയ ജലനയത്തിലേക്ക്

**2006 സെപ്തംബർ 29, 30 ദിവസങ്ങളിൽ തിരുവനന്തപുരത്ത് നടന്ന സംസ്ഥാന ജലനയരൂപീകരണ ശില്പശാലയിൽ പ്ളാച്ചിമട കോക്കകോള വിരുദ്ധ സമരസമിതി സമർപ്പിച്ചത്**

എല്ലാ ജീവജാലങ്ങളുടെയും നിലനില്പിനാധാരമായ അടിസ്ഥാനാവശ്യമാണ് ജലം. ജീവദായകമാണത്. ഓരോ ജീവിക്കും വെള്ളത്തിന് പ്രകൃത്യാവകാശമുണ്ട്. അതതിന്റെ ആവശ്യാനു സരണം, വിവേചനമില്ലാതെ, തുല്യതയോടെ എല്ലാവരും അനുഭവിക്കുന്ന കൂട്ടായ അവകാശമാണത്. ജലത്തിന്റെമേലുള്ള ഈ കൂട്ടവകാശത്തിന്റെ നിർവഹണ ത്തിലൂടെ ജനതയ്ക്ക് ജലവിഭവത്തിന്റെ മേലുള്ള സമ്പൂർണ്ണാധികാരം പരമ്പരാസിദ്ധമായി കിട്ടുന്നു. ഈ അധികാരം സാധിച്ചെടുക്കുന്നത് ജലവിഭവത്തിന്റെ പരിപാലനത്തിനും സുസ്ഥിരോപയോഗത്തിനും സംരക്ഷണത്തിനും വികസനത്തിനും അടിസ്ഥാനമായ നിയമങ്ങളുടെയും ഭരണ സ്ഥാപനങ്ങളുടെയും രൂപീകരണ ത്തിലൂടെയാണ്. സ്റ്റേറ്റിന്റെ സഹായ ത്തോടെ ഈ അധി കാരം പൂർണ്ണമായും ജനസമുദായം കൈകാര്യം ചെയ്യേ ണ്ടിയിരിക്കുന്നു. ജനസമുദായം തന്നെ പ്രാഥമികതല ത്തിലുള്ള ജലഭരണം നിർവഹിക്കണം. അതനുസരിച്ച് ഒരു "ജനകീയ ജലനയ"ത്തിന്റെ ചട്ടക്കൂടിൽ അടങ്ങിയിരി ക്കേണ്ടത്:

ഭരണത്തിന്റെ മൗലികവും പ്രാഥമികരൂപവുമായ ഗ്രാമസഭയ്ക്ക് 'പരമ്പരാഗതമായ ഭൂജല പരിചരണ രീതി കൾ' 'ഭൂജലം കാത്തുസൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്ന തിനും' 'ചെറുജലാശയങ്ങളുടെ പരിപാലനം ആസൂത്രണം ചെയ്യുന്നതിനും' 'ജലവിതരണ പദ്ധതികൾ നടത്തി ക്കൊണ്ടു പോകുന്നതിനും' ഭൂജലത്തിന്റെ മേൽ പൂർണ്ണനിയന്ത്രണാധികാരം ഉണ്ടായിരിക്കും. ഗ്രാമസഭ 'ഭൂജലവിഭവങ്ങളും ചെറുജലാശയങ്ങളും കാത്തുസൂക്ഷി ക്കാനും സംരക്ഷിക്കാനും' വേണ്ടി അധികാരശക്തി കൈകാര്യം ചെയ്യുമ്പോൾ അതിലെ അംഗങ്ങൾക്ക് ആവശ്യമായ അളവിലും ഗുണത്തിലും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുവാൻ ശക്തി ഉണ്ടായിരിക്കും. ജലവിഭവ ത്തിന്റെ അളവിനും ഗുണത്തിനും ഭീഷണി ഉണ്ടാവുന്ന അതിക്രമാവസരങ്ങളിൽ ഉചിതമായ നടപടികളെടുക്കു വാനും അതിക്രമിക്കുന്നവരെ ശിക്ഷിക്കുവാനും ഗ്രാമ സഭയ്ക്ക് അധികാരമുണ്ടായിരിക്കും.

ഗ്രാമസഭയുടെ ഭൂപരിധിയ്ക്കകത്തുള്ള എല്ലാ ഭൂജല ത്തിന്റെയും ചെറുജലാശയങ്ങളുടെയും ഉപയോഗ ത്തിന്റെയും നിയന്ത്രണത്തിന്റെയും നടത്തിപ്പിന്റെയും കാര്യങ്ങൾ നിർണ്ണയിക്കു ന്നതിന് പ്രാപ്തമായ അധികാരം ഗ്രാമസഭയ്ക്ക് ഉണ്ടായിരിക്കും. ഈ അധികാരനിർവഹ ണത്തിൽ ഗ്രാമസഭ ജലത്തിന്റെ സുരക്ഷിതത്വവും ലഭ്യതയും ഉറപ്പുവരുത്തുന്നതിനായി ഭൂജലത്തിന്റെയും ചെറുജലാശയങ്ങളുടെയും ഉപയോഗം യുക്തിപൂർവ്വം നിയന്ത്രിക്കുന്നതാണ്.

ഗ്രാമസഭയുടെ ഭൂപരിധിയ്ക്കകത്തുവരുന്ന എല്ലാ വികസന പ്രവർത്തനങ്ങളും ഭൂജലത്തിന്റെ സംരക്ഷണം, പരിപാലനം, സുസ്ഥിരമായ ഉപയോഗം, വികസനം എന്നീ കാഴ്ചപ്പാടുകളോടെ ഗ്രാമസഭ നൽകുന്ന അംഗീകാര ത്തോടും രേഖാമൂലമുള്ള അനുമതിയോടും കൂടിയേ നടപ്പാക്കൂ. ഇപ്രകാരം നൽകുന്ന അനുമതി റദ്ദാക്കാൻ ഗ്രാമസഭ നിശ്ചയിച്ചാൽ ബന്ധപ്പെട്ട അനുയോജ്യ അധികാരസ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അനുമതി കളും ലൈസൻസുകളും സ്വയം റദ്ദായിപ്പോകുന്നതാണ്.

ഭൂജലത്തിന്റെയോ ചെറുജലാശയങ്ങളുടെയോ ഉപയോഗം ജലത്തിന്റെ ഗുണമേന്മയ്ക്കോ അളവിനോ ഭീഷണിയാകുമെന്ന് ഗ്രാമസഭയ്ക്ക് ബോധ്യം വന്നാൽ ഗ്രാമസഭയ്ക്ക് ജലോപയോഗം യുക്തിപൂർവ്വം പരിമിത പ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യാം.

ഗ്രാമസഭ മേൽപറഞ്ഞപ്രകാരം അവയുടെ ഉത്തര വാദിത്തങ്ങളും ധർമ്മങ്ങളും പൂർണ്ണരൂപത്തിൽ നിർവഹി ക്കുന്നതിന് (എ) കേരള ജല അതോറിറ്റി, (ബി) കേരള ജലവകുപ്പ്, (സി) കേരള മലിനീകരണ നിയന്ത്രണ ബോർഡ്, (ഡി) ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ തുടങ്ങിയ അനുയോജ്യമായ സ്ഥാപനങ്ങളുടെ സേവനവും സഹായവും ലഭ്യമാക്കുന്നതാണ്.

ഗ്രാമസഭയെ അവയുടെ സ്വാധികാരം മേൽപറഞ്ഞ വിധം നിർവഹിക്കുന്നതിന് പര്യാപ്തമാക്കുംവിധം താഴെ പറയുന്ന ഭരണനിയമങ്ങളെ ഭേദഗതി ചെയ്യേണ്ടതാണെന്ന് ആയതിനാൽ തീർച്ചപ്പെടുത്തുന്നു. (എ) കേരള പഞ്ചായത്ത്രാജ് നിയമം (1994), (ബി) കേരള ഭൂജല (നിയന്ത്രണവും ചിട്ടപ്പെടുത്തലും) നിയമം (2002), (സി) ജല (മലിനീകരണ നിയന്ത്രണവും തടയലും) നിയമം (1974) ഉം (1988) ലെ ഭേദഗതിയും, (ഡി) ബാധകമായ മറ്റു ബന്ധപ്പെട്ട നിയമങ്ങളും.

### വിശദീകരണം

കേരള സംസ്ഥാനത്തെ 151 ബ്ലോക്കുകളിൽ എല്ലാം 1999 ൽ 'സുരക്ഷിതമായവ' യുടെ വിഭാഗത്തിൽ

പ്പെട്ടിരുന്നിട്ടും വെറും അഞ്ചുവർഷ കാലംകൊണ്ട് മൂന്നിലൊന്ന് അഥവാ 50 ബ്ലോക്കുകൾ 'സുരക്ഷിതമല്ലാത്തവ'യായി (5 എണ്ണം 'അമിത ചൂഷണ' വിഭാഗത്തിലും 15 എണ്ണം 'നിർണ്ണായക' വിഭാഗത്തിലും 30 എണ്ണം 'അർദ്ധനിർണ്ണായക' വിഭാഗത്തിലും) 2004 ൽ കേരള ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും ചേർന്ന് പ്രസിദ്ധപ്പെടുത്തിയ 'ഡൈനാമിക് ഗ്രൗണ്ട് വാട്ടർ സോഴ്സസ് ഓഫ് കേരള' റിപോർടിൽ പ്രഖ്യാപിക്കുകയും തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർകോഡ് ജില്ലയിലെ കാസർകോഡ് ബ്ലോക്ക് എന്നിവ 19 നവംബർ 2005 മുതൽ വിജ്ഞാപിത പ്രദേശമാക്കുന്നത് ആവശ്യമാക്കുകയും ചെയ്തത് അംഗീകരിച്ചുകൊണ്ട്;

കേരളത്തിലെ പൊതുസമൂഹത്തിന്റെയും, രാഷ്ട്രീയ പാർട്ടികളുടെയും, ഗ്രാമപഞ്ചായത്തിന്റെയും, ബന്ധപ്പെട്ട ഭരണ നിർവഹണ സ്ഥാപനങ്ങളുടെയും, ഭരണകർത്താക്കളുടെയും പിന്തുണ നേടിയ പ്ളാച്ചിമട സമരം നാലു വർഷം പിന്നിട്ടിട്ടും ജലവുമായി ബന്ധപ്പെട്ട ഭരണനിയമങ്ങളുടെയും വിവിധ ഭരണനടപടികളുടെയും നിർവഹണത്തിന്റെയും ഉപേക്ഷകളുടെയും അപര്യാപ്തതകൊണ്ട് പരിഹാരസാധ്യതകൾ കാണാതെ നീണ്ടുപോകുന്നത് അംഗീകരിച്ചുകൊണ്ട്;

ഭരണഘടനയിലെ ആർടിക്കിൾ 246 ന്റെയും 7-ാം ഷെഡ്യൂളി ലെ 11-ാം ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ ഭൂജലത്തിനുമേൽ സ്റ്റേറ്റിന് അധികാരമുണ്ടെന്നും II-ാം ലിസ്റ്റിലെ 17-ാം എൻട്രി പ്രകാരം 'ജല'മെന്നാൽ **"ജലവിതരണം, ജലസേചനവും, കനാലുകളും അഴുക്കുചാലുകളും, തീരങ്ങളും, ജലസംഭരണികളും, ജലശക്തി"** യും ആണെന്നും കേരള ഭൂജലനിയമ (2002) പ്രകാരം രൂപീകരിച്ച കേരള ഭൂജല അതോറിറ്റിയാണ് ഇപ്പോൾ ഔദ്യോഗിക നിയന്ത്രണ ഉപകരണമെന്നും, ഭൂജലം സംരക്ഷിക്കുന്നതിന് സംസ്ഥാനം പരാജയപ്പെട്ടതും, നാലുവർഷത്തെ പ്രതിഷേധങ്ങൾ ഉണ്ടായിരുന്നിട്ടും കോക്കകോള കമ്പനിയെ ഭൂജലം മലിനീകരിക്കുന്നതിനും ശോഷിപ്പി ക്കുന്നതിനും അനുവദിക്കുന്നത് ഉദാഹരണമായി അംഗീകരിച്ചു കൊണ്ട്;

കേരള പഞ്ചായത്ത്രാജ് ആക്റ്റ് (1994) ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് 'പാരമ്പരാഗത കുടിവെള്ള സ്രോതസ്സുകളുടെ പരിപാലനത്തിനും, കുളങ്ങളുടെയും മറ്റു സംഭരണികളുടെയും പരിരക്ഷയ്ക്കും, ജലവിതരണ പദ്ധതികളുടെ നടത്തിപ്പിനും' ഉത്തരവാദിത്വമുണ്ടെന്നും, 'അമിതജലചൂഷണത്തി'ന്റെയും 'ജലമലിനീകരണ'ത്തിന്റെയും പ്രശ്നങ്ങൾക്ക് പ്രതികരിക്കാൻ പഞ്ചായത്ത് അമാന്തിച്ചുവെന്നും അംഗീകരിച്ചുകൊണ്ട്;

ജലം പൊതുസമ്പത്തായി പരിപാലിക്കാനും സംരക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള സംവിധാനങ്ങൾ പരാജയപ്പെട്ടുവെന്നും അംഗീകരിച്ചുകൊണ്ട്;

ജലമടക്കമുള്ള പ്രകൃതിവിഭവങ്ങളുടെ പരിപാലനകാര്യങ്ങൾ നാട്ടാചാരങ്ങളുടെയും പ്രയോഗശീലങ്ങളുടെയും അടിസ്ഥാനത്തിൽ ജനസമുദായങ്ങളുടെ മേഖലയിൽ നിർവഹിച്ചിരുന്നവയാണെന്നും അംഗീകരിച്ചുകൊണ്ട്;

ബ്രിട്ടീഷ് അധിനിവേശക്കാർ സ്റ്റേറ്റിന്റെ മേഖല എന്ന പ്രമുഖസങ്കല്പനം അവതരിപ്പിക്കുകയും 'അവകാശികളില്ലാത്ത'തും 'ഉപയോഗിക്കാത്ത'വയും വിഭവങ്ങളെല്ലാം സാമ്രാജ്യത്തിന്റെതാണെന്ന് വരുത്തുകയും ഇതേ നിയമങ്ങൾ ഇപ്പോഴും എഴുതപ്പെട്ട നിയമങ്ങളായി നിലനില്ക്കുകയും നിയമങ്ങളുടെ രൂപീകര ണത്തിനുള്ള ചട്ടക്കൂടായി വർത്തിക്കുകയും സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിന് പ്രതിബന്ധമായിരിക്കുകയും സ്റ്റേറ്റിനും ജനങ്ങൾക്കുമിടയിൽ തീവ്രവും വർദ്ധിച്ചുവരുന്നതുമായ സംഘർഷങ്ങളിലേക്ക് നയിക്കുന്നതിന് ബോധപൂർവ്വമായ തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നതും അംഗീകരിച്ചുകൊണ്ട്;

ഇന്ത്യൻ ഭരണഘടന നാട്ടാചാരങ്ങളും ആചാരവൃത്തികളും അംഗീകരിക്കുന്നുവെന്നതും ആർട്ടിക്കിൾ 13-ൽ 'നിയമം' എന്ന പദത്തിൽ ഉൾപ്പെടുന്ന 'നാട്ടാചാരങ്ങൾ', 'പ്രയോഗശീല ങ്ങൾ' ഭരണഘടനയിലെ ഭാഗം III പ്രകാരം നൽകപ്പെട്ട മൗലികാവകാശങ്ങളെ ലംഘിക്കാത്തവിധത്തിൽ നിയമത്തിന്റെ ശക്തിയുള്ളവയാണെന്നും അംഗീകരിച്ചുകൊണ്ട്;

കൊളോണിയൽ ന്യായഘടനയിൽ എഴുതപ്പെട്ട പ്രമാണങ്ങൾക്ക് ഒത്തുപോകുന്നതിന് കീഴ്പ്പെടുത്തപ്പെട്ടവയാണ് ഇപ്പോൾ നാട്ടാചാരങ്ങൾ എന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട്;

മൗലികാവകാശങ്ങളെ കുറിക്കുന്ന ആർട്ടിക്കിൾ 21-ൽ നൽകുന്ന ജീവിക്കാനുള്ള അവകാശം എന്നത് മൃഗങ്ങളെപ്പോലെ ജീവിക്കാനുള്ള അവകാശമല്ല മനുഷ്യാന്തസ്സോടുകൂടി ജീവിക്കാനുള്ളതാണെന്നും, ജീവനോപാധികൾക്കുള്ള അവകാശം നിയമപ്രക്രിയയ്ക്ക് ഒഴിച്ചുള്ളതാണെന്നും; സമൂഹത്തിന്റെ ഭൗതികവിഭവങ്ങളുടെ ഉടമസ്ഥതയും നിയന്ത്രണവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നയങ്ങൾ പൊതു നന്മയ്ക്ക് ഏറ്റവും നന്നായി ഉതകുന്നതിന് ഉന്മുഖമായിരിക്കണം എന്ന് ആർട്ടിക്കിൾ 39 (ബി) സ്റ്റേറ്റിനുമേൽ കടമയായി വെയ്ക്കുന്നു എന്നത് അംഗീകരിച്ചുകൊണ്ട്;

ഭരണഘടനയുടെ ഭാഗം 4 (എ) യിൽ വനം, തടാകങ്ങൾ, പുഴകൾ തുടങ്ങിയ പ്രകൃതിദത്തമായ പരിസ്ഥിതികളെ സംരക്ഷിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നത് നിയമനിർമ്മാണത്തിലൂടെ പ്രോത്സാഹിപ്പിക്കേണ്ട സ്പഷ്ടമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ രൂപത്തിൽ പൗരന്മാരുടെ കടമയായി ചുമത്തുകയും ചെയ്തിരിക്കുന്നത് അംഗീകരിച്ചുകൊണ്ട്;

അതുകൊണ്ട്, **ജനാധികാരം ജനങ്ങളുടെ കൈകളിൽ തന്നെ. ഫലപ്രദമായ പ്രതിനിധാന ജനാധിപത്യത്തിന് മുന്നുപാധിയാണ് പങ്കാളിത്ത ജനാധിപത്യം. കേന്ദ്രീകൃതമല്ലാത്ത ഭരണസംവിധാന ഘടനകൾ പങ്കാളിത്ത ജനാധിപത്യത്തിന്റെ അടിസ്ഥാനമാണെന്നും ജനാധിപത്യത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കൂടുതൽ ജനാധിപത്യമാണെന്നും ഒരു ജനാധിപത്യസമൂഹം നീതിയെ ശക്തി പ്പെടുത്തുന്നുവെന്നും ഉള്ള തത്വങ്ങൾ ഈ ജനകീയ ജലനയത്തിൽ ദൃഢപ്പെടുത്തുന്നു.**

പ്ളാച്ചിമട കോക്കകോള വിരുദ്ധ സമരസമിതി
കന്നിമാരി പി.ഒ., പാലക്കാട് ജില്ല.